ബഹുമാനപ്പെട്ട സംസ്ഥാന വിവരാവകാശ കമ്മീഷൻ അവർകൾ മുമ്പാകെ

പ്രേഷിതൻ

റഷീദ് സി.
തോലിയാനിക്കരയിൽ വീട്
ആനപ്പാറ
പത്തനംതിട്ട - 689645

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഉടുമ്പഞ്ചോല ഗ്രാമ പഞ്ചായത്താഫീസ്
ഇടുക്കി.

## ഹർജ്ജി സംഗതി

വിവരാവകാശ നിയമം 6 പ്രകാരം 5 വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു അപേക്ഷ 12-05-2009 ൽ ടി എതിർകക്ഷിയ്ക്കു നൽകിയിരുന്നു. ആയതിനു 21-05-2009 ൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേരു വിവരം രേഖപ്പെടുത്താതെയും പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേരോ സീലോ ഓഫീസ് സീലോ വെയ്ക്കാതെയുള്ള ഒരു അപൂണ്ണമായ മറുപടി ടി എതിർകക്ഷിയുടെ ഓഫീസിലെ സ്പെഷ്യൽ ഗ്രേസ് സെക്രട്ടറിയിൽ നിന്നും ലഭിച്ചിരുന്നു. സ്പെഷ്യൽ ഗ്രേസ് സെക്രട്ടറി ഞാൻ ആവശ്യപ്പെട്ട 5 ചോദ്യങ്ങളിൽ 4 എണ്ണത്തിനും ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും 6-ാം മത്തെ ചോദ്യത്തിനു റവന്യൂവകുപ്പിനെ സമീപിക്കുക എന്നുമാണ് മറുപടി നൽകിയത്. സ്പെഷ്യൽ ഗ്രേസ് സെക്രട്ടറി നൽകിയ തെറ്റായതും അപൂർണ്ണവുമായതുമായ മറുപടിയിൽ ആരാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെന്നോ അപ്പീൽ അധികാരിക്കു ഞാൻ അപേക്ഷ നൽകേണ്ടതുണ്ടോ എന്നും അപ്പീൽ അധികാരിയുടെ പേരു വിവരം പോലും കാണിച്ചിട്ടില്ല. അതുമൂലം എനിക്കെ നാളിതുവരെ അപ്പീൽ നൽകാൻ കഴിഞ്ഞിട്ടില്ല. ടി എതിർകക്ഷിയിൽ നിന്നും മറുപടി ലഭിക്കും എന്ന പ്രതീക്ഷയോടുകൂടി ഞാൻ കാത്തിരിക്കുകയാണ്. എന്നാൽ അപേക്ഷ നൽകി 180 ദിവസങ്ങൾ കഴിഞ്ഞിട്ടും ടി എതിർകക്ഷിയിൽ നിന്നും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. ഇതോടൊപ്പം ടി എതിർകക്ഷിയുടെ ഓപീസിലെ സ്പെഷ്യൽ ഗ്രേസ് സെക്രട്ടറിയിൽ നിന്നും ലഭിച്ച തെറ്റായ മറുപടിയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ആകയാൽ പ്രസ്തുത പരാതിക്കുവേണ്ട മേൽ നടപടി കൈക്കൊള്ളുവാൻ വീനിതമായി അപേക്ഷിക്കുന്നു.

എന്ന്

09-12-2009
പത്തനംതിട്ട

റഷീദ് . സി

## ബഹുമാനപ്പെട്ട സംസ്ഥാന വിവരാവകാശ കമ്മീഷൻ അവർകൾ മുമ്പാകെ

പ്രേഷിതൻ

റഷീദ് സി.
തോലിയാനിക്കരയിൽ വീട്
ആനപ്പാറ
പത്തനംതിട്ട - 689645

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഉടുമ്പഞ്ചോല ഗ്രാമ പഞ്ചായത്താഫീസ്
ഇടുക്കി.

### ഹർജ്ജി സംഗതി

വിവരാവകാശ നിയമം 6 പ്രകാരം 5 വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു അപേക്ഷ 12-05-2009 ൽ ടി എതിർകക്ഷിയ്ക്കു നൽകിയിരുന്നു. ആയതിനു 21-05-2009 ൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേരു വിവരം രേഖപ്പെടുത്താതെയും പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേരോ സീലോ ഓഫീസ് സീലോ വെയ്ക്കാതെയുള്ള ഒരു അപൂർണ്ണമായ മറുപടി ടി എതിർകക്ഷിയുടെ ഓഫീസിലെ സ്പെഷ്യൽ ഗ്രേസ് സെക്രട്ടറിയിൽ നിന്നും ലഭിച്ചിരുന്നു. സ്പെഷ്യൽ ഗ്രേസ് സെക്രട്ടറി ഞാൻ ആവശ്യപ്പെട്ട 5 ചോദ്യങ്ങളിൽ 4 എണ്ണത്തിനും ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും 6-ാം മത്തെ ചോദ്യത്തിനു റവന്യൂവകുപ്പിനെ സമീപിക്കുക എന്നുമാണ് മറുപടി നൽകിയത്. സ്പെഷ്യൽ ഗ്രേസ് സെക്രട്ടറി നൽകിയ തെറ്റായതും അപൂർണ്ണവുമായതുമായ മറുപടിയിൽ ആരാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെന്നോ അപ്പീൽ അധികാരിക്കു ഞാൻ അപേക്ഷ നൽകേണ്ടതുണ്ടോ എന്നും അപ്പീൽ അധികാരിയുടെ പേരു വിവരം പോലും കാണിച്ചിട്ടില്ല. അതുമൂലം എനിക്കെ നാളിതുവരെ അപ്പീൽ നൽകാൻ കഴിഞ്ഞിട്ടില്ല. ടി എതിർകക്ഷിയിൽ നിന്നും മറുപടി ലഭിക്കും എന്ന പ്രതീക്ഷയോടുകൂടി ഞാൻ കാത്തിരിക്കുകയാണ്. എന്നാൽ അപേക്ഷ നൽകി 180 ദിവസങ്ങൾ കഴിഞ്ഞിട്ടും ടി എതിർകക്ഷിയിൽ നിന്നും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. ഇതോടൊപ്പം ടി എതിർകക്ഷിയുടെ ഓഫീസിലെ സ്പെഷ്യൽ ഗ്രേസ് സെക്രട്ടറിയിൽ നിന്നും ലഭിച്ച തെറ്റായ മറുപടിയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ആകയാൽ പ്രസ്തുത പരാതിക്കുവേണ്ട മേൽ നടപടി കൈക്കൊള്ളുവാൻ വിനിതമായി അപേക്ഷിക്കുന്നു.


എന്ന്

09-12-2009
പത്തനംതിട്ട

റഷീദ് . സി

m

Rasheed. C
Tholiyanikarayil House
Anappara
Pathanamthitta - 689645




To

**പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
ഉടുമ്പഞ്ചോല ഗ്രാമ പഞ്ചായത്താഫിസ്

**വിഷയം:- വിവരാവകാശ നിയമം - 2005**

സർ,

1. ടി ഗ്രാമപഞ്ചായത്തിൽനിന്നും അനുവാദം വാങ്ങാതെയോ സർക്കാർ ഭൂമി കയ്യേറിയോ നിർമ്മിച്ചിരിക്കുന്ന റിസോൾട്ടുകളുടെയും, കെട്ടിടങ്ങളുടെയും, വീടുകളുടെയും, ഓഫീസുകളുടെയും, കയ്യേറിയവരുടെ പേരും വിലാസവും അറിയിക്കുക?
2. ടി പഞ്ചായത്തിൽ അനധികൃതമായി സർക്കാർ ഭൂമി കയ്യേറി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾ പൊളിക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാം?
3. അനധികൃതമായി കയ്യേറി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾ പൊളിക്കുന്നതിനെയോ ഒഴിപ്പിക്കുന്നതിനെയോ വിലക്കുന്ന എന്തെങ്കിലും സർക്കുലറോ റിഗുലേഷനോ ഉത്തരവോ ഉണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകുക.
4. അനധികൃത കെട്ടിടങ്ങൾ ഒഴിപ്പിച്ചെങ്കിൽ ഒഴിപ്പിച്ച തീയതിയും സമയവും അറിയിക്കുക.
5. സർക്കാർ ഭൂമി കയ്യേറി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾ ഒഴിപ്പിക്കേണ്ട ഉദ്യോഗസ്ഥരുടെ പേരും വിലാസവും അറിയിക്കുക.

മേൽഖണ്ഡികകളിലെ വിവരങ്ങൾക്കു വിവരാവകാശ നിയമപ്രകാരം മറുപടി നൽകുവാൻ അപേക്ഷിക്കുന്നു.

എന്ന്

റഷീദ് സി.

പത്തനംതിട്ട
12-05-2009

Registered with A D

Ph: (O)04868-237360

# UDUMBANCHOLA GRAMA PANCHAYATH

(Special Grade)

No. A2- 359/09

Date 21/5/09

From: സെക്രട്ടറി

To : റഷീദ്. C കോലിയാനിക്കൽ, ചെമ്മണ്ണാർ.

Sir,

Sub : വിവരാവകാശനിയമം - 2005

Ref: റഷീദ്. C യുടെ വിവരാവകാശ അപേക്ഷ.

മേൽ സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളിച്ച് ചേർക്കുന്നു.

1. ഉടമസ്ഥരില്ലാത്ത [illegible] കണക്കും ശേഖരിച്ചിട്ടില്ല.
2. നിരത്തിൽ അലയുന്ന കണക്കുകളൊന്നും ശേഖരിച്ചിട്ടില്ല.
3. ശേഖരിച്ചിട്ടില്ല.
4. ഇല്ല.
5. സർക്കാർ ഭൂമി ഏത് വകുപ്പിന്റേതാണോ പ്രസ്തുത വകുപ്പ് ഉദ്യോഗസ്ഥരാണ് ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കേണ്ടത്. ഇതിനായി റവന്യൂ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

വിശ്വസ്തതയോടെ.

Secretary(Spcial Grade)
UDUMBANCHOLA GRAMA PANCHAYAT

**സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം**

**പുന്നൻ റോഡ്, തിരുവനന്തപുരം 695 039**

Tel: 0471- 2561613, 2561614, 2561615, Fax: 0471-2330920

Email:- sic@kerala.nic. in

No.13918/SIC-Gen4/2009

Date: 28/12/2009

ശ്രീ. റഷീദ്. സി,
തോലിയാനിക്കരയിൽ വീട്,
ആനപ്പാറ,
പത്തനംതിട്ട – 689 645.

സർ,

വിഷയം: - വിവരാവകാശ നിയമം, 2005 - പരാതി സംബന്ധിച്ച്.

സൂചന:- താങ്കളുടെ 09/12/2009 -ലെ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു. താങ്കൾക്ക് ഉടുമ്പഞ്ചോല ഗ്രാമപഞ്ചായത്ത് ഓഫീസിലെ പബ്ളിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലെങ്കിൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ അപ്പീൽ അധികാരി മുമ്പാകെ കമ്മീഷന്റെ ഈ കത്ത് ലഭിച്ച് 10 ദിവസത്തിനകം വിവരാവകാശ നിയമം വകുപ്പ് 19(1) പ്രകാരം ഒന്നാം അപ്പീൽ നൽകാവുന്നതാണ്. അപ്പീൽ അധികാരിയിൽ നിന്നും ലഭിച്ച മറുപടിയും തൃപ്തികരമല്ലെങ്കിൽ വിവരാവകാശ നിയമം വകുപ്പ് 19(3) പ്രകാരം കമ്മീഷൻ മുമ്പാകെ രണ്ടാമത് അപ്പീൽ നൽകാവുന്നതാണെന്ന കമ്മീഷന്റെ തീരുമാനം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പി. ഫ്രാൻസിസ് ഡിക്രൂസ്
ഡെപ്യൂട്ടി സെക്രട്ടറി

SA